**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ : ശ്രീ.കെ.ബിജു ഐ.എ.എസ്)**

നം.ഇസി4/05/2016(1) തീയതി : 05.04.2018

വിഷയം : വ്യവസായം – ജീവനക്കാര്യം – ശ്രീ.സന്തോഷ് കുമാർ.പി, സീനിയർ സഹകരണ ഇൻസ്പെക്ടർക്ക് വ്യവസായ വികസന ഓഫീസറായി സ്ഥാനക്കയറ്റം നൽകുന്നത് –സംബന്ധിച്ച്:-

പരാമർശം : 1) ഈ കാര്യാലയത്തിലെ 15.02.2018 ലെ ഇതേ നമ്പർ നടപടിക്രമം.
2) മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 05.03.2018 ലെ കത്ത് നമ്പർ ഇ.എം/1122/2018.

മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സഹകരണ ഇൻസ്പെക്ടറായ ശ്രീ.സന്തോഷ് കുമാർ.പി-യ്ക്ക് ബിരുദ യോഗ്യതയുള്ളതായി അറിയിപ്പ് ലഭിക്കാത്തതിനാൽ ടിയാന്റെ തൊട്ട് ജൂനിയറായ മധുലാൽ ശങ്കർ.കെ.എസ്-ൽ തുടങ്ങി മൂന്ന് സീനിയർ സഹകരണ ഇൻസ്പെക്ടർമാർക്ക് വ്യവസായ വികസന ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകി സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ടിയാൻ മധുരൈ കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും ബി.കോം ബിരുദം നേടിയിട്ടുണ്ട് എന്ന അറിയിപ്പ് സൂചന (2) പ്രകാരം മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയതിനാൽ ശ്രീ.സന്തോഷ് കുമാർ.പി യുടെ തൊട്ട് ജൂനിയറായ ശ്രീ.മധുലാൽ ശങ്കർ.കെ.എസ് –ന് വ്യവസായ വികസന ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ 15.02.2018 തീയതി മുതൽ ശ്രീ.സന്തോഷ് കുമാറിനും വ്യവസായ വികസന ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുള്ളതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉ ത്ത ര വ്

മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ സീനിയർ സഹകരണ ഇൻസ്പെക്ടർ ആയ ശ്രീ.സന്തോഷ് കുമാർ.പി-യെ തന്റെ തൊട്ട് ജൂനിയറായ മധുലാൽ ശങ്കർ.കെ.എസ് –ന് വ്യവസായ വികസന ഓഫീസറായി സ്ഥാനക്കയറ്റം നൽകിയ 15.02.2018 തീയതി മുതൽ നോഷണലായി മുൻകാല പ്രാബല്യത്തോടുകൂടി വ്യവസായ വികസന ഓഫീസറായി സ്ഥാനക്കയറ്റം നൽകി മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള ഒഴിവിൽ 35,700 – 75,600 രൂപ ശമ്പള സ്കെയിലിൽ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.സന്തോഷ് കുമാർ.പി പ്രസ്തുത സ്ഥാനക്കയറ്റം പരിത്യജിക്കുന്നുണ്ടെങ്കിൽ ഈ ഉത്തരവ് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷ തന്റെ നിയന്ത്രണാധികാരി മുഖാന്തിരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥന് 20.01.2016 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 07/2016/ഫിൻ അനുസരിച്ച് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.

ടി ഉദ്യോഗസ്ഥന്റെ നിയന്ത്രണാധികാരി ടിയാനെ എത്രയും പെട്ടെന്ന് വിടുതൽ ചെയ്യേണ്ടതും വിടുതൽ/ജോലിയിൽ പ്രവേശിക്കുന്ന തീയതി യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
വ്യവസായ വാണിജ്യ ഡയറക്ടർ

സ്വീകർത്താവ് :-

ശ്രീ.സുരേഷ് കുമാർ.പി,
സീനിയർ സഹകരണ ഇൻസ്പെക്ടർ
ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം (നിയന്ത്രണാധികാരി മുഖാന്തിരം)

പകർപ്പ് :-

1) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം.
2) സി.എ മുഖാന്തിരം ഡയറക്ടർ / അഡീഷണൽ ഡയറക്ടർ (ജി), (റ്റി)/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർക്ക്
3) ഇസി/ഇഎ സെക്ഷൻ
4) സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

JM.C8. 06.04.2018